# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4516 — 13.11.2019-ൽ മറുപടിയ്ക്ക്.

## ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്**<br>**ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.സി.കൃഷ്ണൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്കായുള്ള ക്ഷേമ നടപടികളുടെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് 2019-20 വർഷത്തിൽ 1550 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1. | പാൽ സംഭരണ മുറി സ്ഥാപിക്കുന്നതിന് | 3,75,000/- രൂപ |
| 2. | ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സഹായം | 3,75,000/- രൂപ |
| 3. | AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം | 1,10,000/- രൂപ |
| 4. | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം | 5,25,000/- രൂപ |
| 5. | മിൽക്ക് ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിനുള്ള സഹായം | 35,000/- രൂപ |
| 6. | ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി | 35,000/- രൂപ |
| 7. | ക്ഷീര സംഘങ്ങൾ വഴി പച്ചപ്പുല്ല്/വയ്ക്കോൽ വിതരണം ചെയ്യുന്നതിനുള്ള സഹായം | 1,00,000/- രൂപ |
| 8. | ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം | 1,20,000/- രൂപ |
| 9. | ക്ഷീരസംഘങ്ങൾക്ക് FSSA നടപ്പിലാക്കുന്നതിനുള്ള സഹായം | 45,000/- രൂപ |

| | | |
|---|---|---|
| 10 | പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സഹായം | 61,500/- രൂപ |
| 11. | പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള സഹായം | 61,500/- രൂപ |

ക്ഷീരസഹകരണ സംഘങ്ങൾക്ക് മഴവെള്ള സംഭരണി, സൗരോർജ്ജ സംവിധാനം എന്നിവ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

കൂടാതെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം സജ്ജമാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്ക് ശീതീകരണ സംവിധാനവും കാലിത്തീറ്റ ഉൽപ്പാദനത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി കോർപ്പസ് ഫണ്ടും നൽകുന്നുണ്ട്.

സംസ്ഥാനത്തെ ക്ഷീര സഹകരണ മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ പേരെ സഹകരണ മേഖലയിലേക്ക് കൊണ്ടുവരുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ള സമഗ്ര സഹകരണ പ്രചരണ പരിപാടിയും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽസംഭരണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാൽ സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ക്ഷീര സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 2016-17-ൽ 16.27 ലക്ഷം ലിറ്ററായിരുന്നത് 2018-19 ആയപ്പോഴേക്കും 18.64 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്.

(സി) സാമ്പത്തിക ഭദ്രത ഇല്ലാതെ അടച്ച്പൂട്ടൽ ഭീഷണി നേരിടുന്ന ക്ഷീരസഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി അനുവദിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ;

(സി) പാൽ സംഭരണം കുറവായതിനാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പ്രവർത്തിക്കുവാൻ കഴിയാതിരുന്ന ക്ഷീരസംഘങ്ങളെ സഹായിക്കുന്നതിനായി ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി മാനേജീരിയൽ സബ്സിഡി 2017-18 വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

150 ലിറ്ററിൽ കുറവ് പ്രതിദിനം സംഭരിക്കുന്ന സംഘങ്ങൾക്ക് ഒരു മാസം 2000/- രൂപ സെക്രട്ടറിക്കും 1500/- രൂപ പ്രൊക്യൂർമെന്റ് അസിസ്റ്റന്റിനും എന്ന നിരക്കിൽ പരമാവധി ഒരു വർഷം 35,000/- രൂപ വരെ സഹായം നൽകുന്നു.

(ഡി) ക്ഷീര സഹകരണ സംഘങ്ങൾക്ക് മിൽമയിൽ അഫിലിയേഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

(ഡി) നിശ്ചിത യോഗ്യതയുള്ള എല്ലാ പ്രാഥമിക ക്ഷീര സംഘങ്ങൾക്കും മേഖലായൂണിയനിൽ അഫിലിയേഷൻ നൽകുന്നതിനായി ഡയറി രജിസ്ട്രാർ/ഡയറി ഡയറക്ടർ മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അഫിലിയേഷൻ ലഭിക്കുന്നതിന് തടസ്സം നേരിടുന്ന പ്രാഥമിക ക്ഷീരസംഘങ്ങളിൽ നിന്നും രജിസ്ട്രാർക്ക് ലഭിച്ച അപ്പീലുകൾ പരിശോധിച്ച് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**